ഉത്തരം

(എ) ഉത്തേജക പാക്കേജിന്റെ ഭാഗമായി സംസ്ഥാനത്ത് 20 റോഡുകളുടെ നവീകരണമാണ് ടൂറിസം വകുപ്പ് മുഖ്യമായും ലക്ഷ്യമിടുന്നത്. ആഭ്യന്തര ടൂറിസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും 2009-ലും 2010-ലും ബാംഗ്ലൂർ, ചെന്നൈ, മുംബൈ, നാഗ്പൂർ, ഇൻഡോർ, കൽക്കത്ത എന്നീ നഗരങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയുമുണ്ടായി. ഇതിനുപുറമേ പതിനേഴോളം ട്രേഡ് ഫെയറുകളിൽ കേരളാ ടൂറിസം സജീവമായി പങ്കെടുക്കുകയും ചെയ്തു. കേരളത്തിലേയ്ക്ക് വരുന്ന വിനോദസഞ്ചാരികൾക്ക് വിമാനയാത്രാനിരക്കിൽ ഇളവ് ലഭിക്കുന്നതിനായി ടൂറിസം വകുപ്പ് ജെറ്റ് എയർവേസുമായി സഹകരിച്ച് 'JET 2Kerala' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, റേഡിയോ മിർച്ചി, സൂര്യൻ, FM റേഡിയോകളുമായി സഹകരിച്ചും ഇന്ത്യയിലെ 20 പ്രധാന നഗരങ്ങളിൽ LCD സ്ക്രീനിലൂടേയും ടൂറിസത്തെക്കുറിച്ച് പ്രചരണം നടത്തുകയും ചെയ്തു. ഈ കാലയളവിൽ നിരവധി അന്താരാഷ്ട്ര ഫെയറുകളിലും പങ്കെടുക്കുകയുണ്ടായി.

(ബി) 86.17 കോടി രൂപ (എൺപത്തിയാറുകോടി പതിനേഴ് ലക്ഷം രൂപ)

(സി) ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം വിഹിതം നീക്കി വച്ചിട്ടില്ല.

(ഡി) എല്ലാ പ്രവൃത്തികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

വിനോദസഞ്ചാര രംഗത്തെ വിവിധ ഏജൻസികൾ

77 (4693) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന പ്രധാന സർക്കാർ ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) വിനോദസഞ്ചാര രംഗത്തെ സർക്കാരിതരെ ഏജൻസികൾക്ക് സഹായം നൽകുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാര മേഖലയിലെ സർക്കാരിതര ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന ഏജൻസികൾ ടൂറിസം രംഗത്ത് പ്രവർത്തിച്ചു വരുന്നു.

1. കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
2. ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

3. എക്കോ ടൂറിസം

4. 14 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ

5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ്

6. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

7. ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ്

(ബി) വിനോദ സഞ്ചാരരംഗത്തെ സർക്കാരിതര ഏജൻസികൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അനുയോജ്യമായവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(സി) ഇതിനായി സംവിധാനം നിലവിലില്ല.

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പദ്ധതികൾ

78 (4700) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പ്രധാന ടൂറിസം കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വിദേശിയെന്നോ സ്വദേശിയെന്നോ വ്യത്യാസമില്ലാതെ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി പ്രധാന ടൂറിസം കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അനധികൃത മസാജ് പാർലറുകൾ

79 (4701) ശ്രീ. സാജു പോൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം കേന്ദ്രങ്ങളിലെ മസാജ് പാർലറുകൾക്ക് ടൂറിസം വകുപ്പിന്റെ അംഗീകാരം നിർബന്ധിതമാക്കുമോ ;

(ബി) ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള മസാജ് പാർലറുകളെ ഗ്രേഡ് തിരിക്കുകയും വെബ്സൈറ്റിലൂടെ പ്രചാരണം നടത്തുകയും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly